"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ്- ഇൻഫർമേഷൻ കേരള മിഷന് ലഭിക്കേണ്ട മെമ്പർഷിപ്പ് ഫീ , വാർഷിക വരിസംഖ്യ, പ്രവർത്തന ഫണ്ട് എന്നിവ 2024-25 സാമ്പത്തിക വർഷത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ ജി. ഒ പ്രോജക്ടായി ഉൾപ്പെടുത്തുന്നതിനുള്ള അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ ജി) വകുപ്പ്**

സ.ഉ.(സാധാ) നം.825/2025/LSGD തീയതി,തിരുവനന്തപുരം, 27-03-2025

---

പരാമർശം:- 1. 5.03.2024 ലെ സ. ഉ. (സാധാ) നം.538/2024/തസ്വഭവ ഉത്തരവ് .
2. ഐ കെ എം ചീഫ് മിഷൻ ഡയറക്ടറുടെ 19/03/2025-ലെ 199-F7-2024-IKM നമ്പർ കത്ത്.
3. ഐ കെ എം ചീഫ് മിഷൻ ഡയറക്ടറുടെ 21/03/2025-ലെ ഐ.കെ.എം/എ7/905/2024 നമ്പർ കുറിപ്പ്.

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഫീസായി 2013-14 മുതൽ 2015-16 വരെ ഐ.കെ.എമ്മിന് ലഭിക്കാനുള്ള കുടിശ്ശിക തുക തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2023-24 വർഷത്തെ ചെലവഴിക്കാത്ത വികസന ഫണ്ട് (ജനറൽ) ൽ ജി.ഒ പ്രോജക്ടായി ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 605 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മെമ്പർഷിപ്പ് ഫീ ഇനത്തിൽ വെള്ളയമ്പലം സബ് ട്രഷറി സേവിംഗ്സ് ബാങ്ക് (TSB) അക്കൗണ്ട് നമ്പരായ 799010100348424 ലേക്ക് തുക ലഭ്യമാക്കിയിരുന്നു .

എന്നാൽ സാമ്പത്തിക വർഷം അവസാനിക്കാറായ സാഹചര്യത്തിൽ General Purpose Fund (GPF)ൽ നിന്നും Source Deduction ചെയ്ത് നൽകുന്നതിനുള്ള സാഹചര്യമില്ലാത്തതിനാലും 2024-25 സാമ്പത്തിക വർഷം അവസാനിക്കാറായ സാഹചര്യത്തിലും കുടിശ്ശിക ഇനത്തിലുള്ള തുക ലഭ്യമാകാത്തതിനാലും ഈ സാമ്പത്തിക വർഷത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും ഐ.കെ.എമ്മിന് മെമ്പർഷിപ്പ് ഫീ, വാർഷിക വരിസംഖ്യ പ്രവർത്തന ഫണ്ട് എന്നീ ഇനങ്ങളിൽ ലഭിക്കേണ്ടുന്ന തുകകൾ ജി.ഒ പ്രോജക്ടായി ഉൾപ്പെടുത്തി നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകണമെന്ന് ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2,3) എന്നിവ പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . 2024-25 സാമ്പത്തിക വർഷം

അവസാനിക്കാറായ സാഹചര്യത്തിലും കുടിശ്ശിക ഇനത്തിലുള്ള തുക ലഭ്യമാകാത്തതിനാലും ഈ സാമ്പത്തിക വർഷത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും ഇൻഫർമേഷൻ കേരള മിഷന് മെമ്പർഷിപ്പ് ഫീ, വാർഷിക വരിസംഖ്യ, പ്രവർത്തന ഫണ്ട് എന്നീ ഇനങ്ങളിൽ ലഭിക്കേണ്ടുന്ന തുകകൾ ജി.ഒ പ്രോജക്ടായി ഉൾപ്പെടുത്തുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിത റ്റി.ആർ
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ ഡയറക്ടറേറ്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരളമിഷൻ , തിരുവനന്തപുരം
നഗരസഭ / പഞ്ചായത്ത് സെക്രട്ടറിമാർ ( തദ്ദേശ സ്വയം ഭരണ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (E&RSA/G&SSA) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (WCD-3/50/2025)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (LSGD-EG1/48/2025/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Manikkuttan R
Date: 27-03-2025 14:38:33
സെക്ഷൻ ഓഫീസർ

തദ്ദേശ സ്വയം ഭരണ , എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്.
തദ്ദേശ സ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി യ്ക്ക്.